# കേരളസർവകലാശാല

നം.പി.ആർ.240/2020

## പത്രക്കുറിപ്പ്

### കേരളസർവകലാശാല ബിരുദാനന്തരബിരുദ പ്രവേശനം – 2020
### ഒന്നാം സപ്ലിമെന്ററി (3rd) അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

ഒന്നാംവർഷ ബിരുദാനന്തരബിരുദ പ്രവേശനത്തിനുള്ള ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾക്ക് പ്രൊഫൈലിൽ ലോഗിൻ ചെയ്ത് അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. പുതിയതായി അലോട്ട്മെന്റ് ലഭിച്ചവർ ഓൺലൈനായി ഫീസ് അടച്ച് അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യുക. നിലവിൽ ഏതെങ്കിലും കോളേജിൽ അഡ്മിഷൻ എടുത്ത് സ്പെഷ്യൽ സപ്ലിമെന്ററി അലോട്ട്മെന്റ് ഓപ്ഷൻ നൽകിയവർ പുതിയ അലോട്ട്മെന്റ് ലഭിക്കുകയാണെങ്കിൽ പ്രൊഫൈലിൽ നിന്നും അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യേണ്ടതാണ്. ഡിസംബർ 3 മുതൽ 5 വരെയാണ് കോളേജിൽ പോയി അഡ്മിഷൻ എടുക്കേണ്ടത്. കോളേജിൽ പോയി അഡ്മിഷൻ എടുക്കേണ്ട തീയതിയും സമയവും അലോട്ട്മെന്റ് മെമ്മോയിൽ നൽകിയിട്ടുണ്ട്. അലോട്ട്മെന്റ് ലഭിച്ചവർ മെമ്മോയിൽ പറഞ്ഞിരിക്കുന്ന സമയത്ത് തന്നെ ആവശ്യമായ രേഖകളുടെ ഒറിജിനൽ സഹിതം കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്. ഏതെങ്കിലും കാരണത്താൽ നിശ്ചിതതീയതിയിലോ സമയത്തോ അഡ്മിഷൻ എടുക്കാൻ സാധിക്കാത്തവർ അതതു കോളേജിലെ പ്രിൻസിപ്പാളുമായി ബന്ധപ്പെടേണ്ടതാണ്.

നിലവിൽ ഏതെങ്കിലും കോളേജിൽ അഡ്മിഷൻ എടുത്ത് സ്പെഷ്യൽ സപ്ലിമെന്ററി അലോട്ട്മെന്റ് ഓപ്ഷൻ നൽകിയവർ പുതിയ അലോട്ട്മെന്റ് ലഭിക്കുകയാണെങ്കിൽ പുതിയതായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ നിർബന്ധമായും അഡ്മിഷൻ എടുക്കേണ്ടതാണ്. അവർക്ക്, മുൻപ് എടുത്ത ഓപ്ഷനിൽ തുടരാൻ സാധിക്കുന്നതല്ല. ഡിസംബർ 4 ന് മുൻപ് പുതിയ അലോട്ട്മെന്റിൽ അഡ്മിഷൻ നേടിയില്ലെങ്കിൽ അലോട്ട്മെന്റ് ക്യാൻസൽ ആകുന്നതും അലോട്ട്മെന്റ് നടപടിയിൽ നിന്നും പുറത്താകുന്നതുമാണെന്ന കാര്യം ശ്രദ്ധിക്കുക.

മുൻ വർഷങ്ങളിൽ നിന്നും വിഭിന്നമായി താൽക്കാലിക (Temporary/Provisional Admission) അഡ്മിഷനുള്ള അവസരം ഇത്തവണ നടപ്പാക്കിയിട്ടുണ്ട്. മൂന്നാമത്തെ അലോട്ട്മെന്റ് വരെയാണ് വിദ്യാർത്ഥികൾക്ക് ഇത് ലഭ്യമാവുന്നത്. അലോട്ട്മെന്റ് ലഭിക്കുന്നവർക്ക് ആവശ്യമെങ്കിൽ സർവകലാശാല അഡ്മിഷൻ ഫീസ് അടച്ച രസീത്, ഒറിജിനൽ സർട്ടിഫിക്കറ്റുകൾ എന്നിവ സമർപ്പിച്ച് താൽക്കാലിക അഡ്മിഷൻ എടുക്കാവുന്നതാണ്. Temporary Admission എടുക്കുന്ന വിദ്യാർത്ഥി കോളേജിൽ ഒടുക്കേണ്ട ഫീസുകൾ നൽകേണ്ട ആവശ്യമില്ല. എന്നാൽ എല്ലാ സർട്ടിഫിക്കറ്റുകളുടേയും അസ്സൽ (including T.C.) കോളേജിൽ സമർപ്പിക്കേണ്ടതാണ്. കോളേജ് അഡ്മിഷൻ സമയത്ത് വിദ്യാർത്ഥികൾക്ക് (Temporary Admission/PermanentAdmission) തെരഞ്ഞെടുക്കാവുന്നതാണ്. മൂന്നാമത്തെ അലോട്ട്മെന്റ് വരെ മാത്രമേ ഈ സൗകര്യം ലഭ്യമാവുകയുള്ളൂ. നാലാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചാൽ മൂന്നാം അലോട്ട്മെന്റ് വരെ താൽക്കാലിക അഡ്മിഷൻ എടുത്തു നിൽക്കുന്ന എല്ലാവരും അലോട്ട്മെന്റിൽ മാറ്റം ഇല്ലെങ്കിൽ പോലും കോളേജിൽ ഹാജരായി കോളേജിലെ ആവശ്യമായ ഫീസ് അടച്ച് നിർബന്ധമായും **Permanent Admission** എടുക്കേണ്ടതാണ്. താൽക്കാലിക അഡ്മിഷൻ എടുത്തവർക്ക് താൽപര്യമുണ്ടെങ്കിൽ നാലാം അലോട്ട്മെന്റിനു മുൻപ് എപ്പോൾ വേണമെങ്കിലും ഫീസ് അടച്ച് Permanent Admission എടുക്കാവുന്നതാണ്. വിശദവിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് സന്ദർശിക്കുക.

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം 2020
## സ്പോർട്സ് ക്വാട്ട സീറ്റുകളിലേക്കുള്ള പ്രവേശനം
## കൗൺസിലിങ് ഡിസംബർ 11 ന്

കേരള സർവകലാശാല ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം– സ്പോർട്സ് ക്വാട്ട സീറ്റുകളിലേക്കുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് സ്പോർട്സ് ക്വാട്ട എന്ന ടാബ് ഉപയോഗിച്ച് റാങ്ക് ലിസ്റ്റ് പരിശോധിക്കാവുന്നതാണ്. സ്പോർട്സ് ക്വാട്ട സീറ്റുകളിലേക്കുള്ള കൗൺസിലിംഗ് ഡിസംബർ 11–ന് അതത് കോളേജുകളിൽ നടക്കും. പ്രവേശനം ആഗ്രഹിക്കുന്ന സ്പോർട്സ് ക്വാട്ട റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർ ഡിസംബർ 11–ന് രാവിലെ 10.30 ന് അതത് കോളേജുകളിൽ ഹാജരായിരിക്കണം. വിശദവിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് https://admissions.keralauniversity.ac.in സന്ദർശിക്കുക.

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## സ്പെഷ്യൽ ഫിനാൻഷ്യൽ അസിസ്റ്റൻസ് ഫോർ
## എസ്.സി./എസ്.ടി. റിസർച്ച് സ്കോളർസ്

എസ്.സി./എസ്.ടി. (ഫുൾടൈം) ഗവേഷക വിദ്യാർത്ഥികൾക്കുള്ള സ്പെഷ്യൽ ഫിനാൻഷ്യൽ അസിസ്റ്റൻസ് (2020 – 2021) യോഗ്യരായ വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ കൾ ക്ഷണിക്കുന്നു. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 29. അപേ ക്ഷാഫോമും വിശദവിവരങ്ങളും വെബ്സൈറ്റിൽ ലഭ്യമാണ്.

## എം.എസ്.ഡബ്ല്യൂ അഡ്മിഷൻ

2020 – 21 അദ്ധ്യയന വർഷത്തേക്കുള്ള ലയോള കോളേജ് ഓഫ് സോഷ്യൽ സയൻസസ്, ശ്രീകാര്യത്തെ എം.എസ്.ഡബ്ല്യൂ ഡിസാസ്റ്റർ മാനേജ്മെന്റ് കോഴ്സിലേക്കും വിഗ്യാൻ കോളേജ് ഓഫ് അപ്ലൈഡ് സയൻസസ്, ശ്രീ വിദ്യാധിരാജാ ആർട്സ് ആന്റ് സയൻസ് കോളേജ് എന്നീ കോളേജുകളിലെ എം.എസ്.ഡബ്ല്യൂ കോഴ്സിലേക്കും അഡ്മിഷനു വേണ്ടി അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി ഡിസംബർ 10. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

ജനുവരി 4 ന് ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ ബി.എ.എസ്.എൽ.പി. (സി.ബി.സി.എസ്. എസ്. സ്ട്രീം) സപ്ലിമെന്ററി ഡിഗ്രി പരീക്ഷയ്ക്ക് പിഴകൂടാതെ ഡിസംബർ 9 വരെയും 150 രൂപ പിഴയോടെ ഡിസംബർ 14 വരെയും 400 രൂപ പിഴയോടെ ഡിസംബർ 16 വരെയും അപേക്ഷി ക്കാം.

## പി.ജി. ഡിപ്ലോമ ഇൻ കൗൺസിലിംഗ് സൈക്കോളജി - അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാലയുടെ തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ലയോള കോളേജിൽ നടത്തുന്ന പി.ജി. ഡിപ്ലോമ ഇൻ കൗൺസിലിംഗ് സൈക്കോളജി കോഴ്സിന് ഡിസംബർ 11 വരെ അപേക്ഷിക്കാം. യോഗ്യത: അംഗീകൃത ബിരുദം. ഉയർന്ന പ്രായപരിധി ഇല്ല. ഫീസ്: 16,500/- രൂപ. കോഴ്സ് ദൈർഘ്യം: ഒരു വർഷം, ക്ലാസുകൾ: ശനി, ഞായർ ദിവസങ്ങളിൽ. അപേക്ഷാഫോറം 100 രൂപയ്ക്ക് കോളേജ് ഓഫീസിൽ നിന്നും ലഭിക്കും. തപാലിൽ ലഭിക്കേണ്ടവർ പ്രിൻസിപ്പാളിന്റെ പേരിൽ 110 രൂപ ഡി.ഡി.യും സ്വന്തം മേൽവിലാസം എഴുതി സ്റ്റാമ്പൊട്ടിച്ച കവറും അയയ്ക്കുക. വിശദവിവരങ്ങൾക്ക്: 0471 – 2592059, 0471 – 2591018

## എം.ടെക്. ഒപ്റ്റോ ഇലക്ട്രോണിക്സ് സ്പോട്ട് അഡ്മിഷൻ

കേരളസർവകലാശാല ഒപ്റ്റോഇലക്ട്രോണിക്സ് പഠന വകുപ്പിൽ നടത്തുന്ന AICTE അംഗീകാരമുള്ള M.Tech Electronics & Communication (Optoelectronics & Optical Communication) പ്രോഗ്രാമിന് പട്ടികജാതി/ പട്ടികവർഗ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്കായി ഒഴിവുള്ള രണ്ടു സീറ്റിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു.

താല്പര്യമുള്ള വിദ്യാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളുമായി 2020 ഡിസംബർ 04-ന് രാവിലെ 10 മണിക്ക് കാര്യവട്ടത്തുള്ള കേരളസർവകലാശാല ഒപ്റ്റോഇലക്ട്രോണിക്സ് പഠന വകുപ്പിൽ ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2308167 എന്ന നമ്പറിൽ ബന്ധപ്പെടുക.

പബ്ലിക്ക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം
02.12.2020

e-mail: ku.release@gmail.com

website: www.keralauniversity.ac.in